## ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പ് - ഡയറക്ടറുടെ നടപടിക്രമങ്ങൾ
ഹാജർ: പി.കെ സുധീർ ബാബു ഐ.എ.എസ്
സംഗ്രഹം

ഹയർ സെക്കന്ററി വിദ്യാഭ്യാസം - ജീവനക്കാര്യം - എച്ച്.എസ്.എസ്.റ്റി ഗണിതം - തസ്തികയിലേയ്ക്ക് ബൈട്രാൻസ്ഫർ നിയമനം നൽകിയ ശ്രീമതി.ശ്രീദേവി.ഐ.എസ്-ന് പുനർനിയമനം അനുവദിച്ച് - ഉത്തരവാകുന്നു.

---

**ഉത്തരവ്.നമ്പർ:എഡി.ബി2/98276/എച്ച്.എസ്.ഇ/2017** **തീയതി:-20/03/2018**

---

പരാമർശം : 1) ഈ ഓഫീസിലെ 15/03/2018 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.

## ഉത്തരവ്

ഹയർ സെക്കന്ററി വിദ്യാഭ്യാസവകുപ്പിലെ എച്ച്.എസ്.എസ്.റ്റി ഗണിതം തസ്തികയിലേക്ക് ശ്രീമതി.ശ്രീദേവി.ഐ.എസ്-ന് പരാമർശം (1) പ്രകാരം എച്ച്.എസ്.എസ്.റ്റി (ജൂനിയർ) നിന്നും എച്ച്.എസ്.എസ്.റ്റി ആയി ബൈട്രാൻസ്ഫർ നിയമനം നൽകി ഉത്തരവായിരുന്നു. എന്നാൽ ടിയാൾക്ക് നിയമനം നൽകിയ കണ്ണൂർ കുഞ്ഞിമംഗലം ഗവ.എച്ച്.എസ്.എസ്-ൽ നിലവിൽ ഒഴിവില്ലാത്തതിനാൽ ടി അദ്ധ്യാപികയെ താഴെപ്പറയും വിധം നിലവിൽ ഒഴിവുള്ള സ്കൂളിലേയ്ക്ക് "conditional" ആയി ഉടൻ പ്രാബല്യത്തിൽ പുനർനിയമനം നൽകി ഉത്തരവാകുന്നു.

| ക്രമ നം. | പേര്, തസ്തിക | നിയമനം ലഭിച്ച സ്കൂൾ | പുനർ നിയമനം നൽകുന്ന സ്കൂൾ |
|---|---|---|---|
| 1. | ശ്രീദേവി.ഐ.എസ് ഗവ.എച്ച്.എസ്.എസ് ഫോർ ഗേൾസ്, നെയ്യാറ്റിൻകര തിരുവനന്തപുരം | ഗവ.എച്ച്.എസ്.എസ് കുഞ്ഞിമംഗലം(13016) കണ്ണൂർ | ഗവ.ഗണപത് എച്ച്.എസ്.എസ് ഫെറോക്ക്, കോഴിക്കോട്(10112) |

പുനർ നിയമനം നൽകുന്ന സ്കൂളിലെ പ്രിൻസിപ്പാൾ, ടി അദ്ധ്യാപികയെ മേൽ തസ്തികയിൽ ജോലിയിൽ പ്രവേശിപ്പിച്ചതിനു ശേഷം പ്രസ്തുത വിവരം വകുപ്പിന്റെ സോഫ്റ്റ്വെയറിൽ അതേ ദിവസം തന്നെ അപ്ലോഡ് ചെയ്യേണ്ടതും conditional status-ൽ രേഖപ്പെടുത്തി ആയതിന്റെ പ്രിന്റൗട്ട് സാക്ഷ്യപ്പെടുത്തി മൂന്ന് ദിവസത്തിനുള്ളിൽ ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിലേക്ക് അയച്ചു തരേണ്ടതാണ്.

അടുത്ത പൊതുസ്ഥലംമാറ്റത്തിലോ കോടതി ഉത്തരവിന് വിധേയമായോ സർവ്വീസിലിരിക്കുന്ന യോഗ്യരായ അദ്ധ്യാപകർക്ക് ടി സ്കൂളിലേക്ക് സ്ഥലംമാറ്റം നൽകേണ്ട സന്ദർഭത്തിൽ ടിയാളെ മറ്റൊരു സ്കൂളിലേക്ക് മാറ്റി നിയമിക്കുന്നതാണ്.

പരാമർശം (1) പ്രകാരമുള്ള ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

ഒപ്പ്/-
പി.കെ സുധീർബാബു.ഐ.എ.എസ്
ഡയറക്ടർ

പകർപ്പ്:

1. ബന്ധപ്പെട്ട വ്യക്തിക്ക്
2. ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക്
3. അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം
4. കരുതൽ / അധികം

ആജ്ഞാനുസരണം

സൂപ്രണ്ട്